"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീ. ഷാജിമോൻ.എം.ടി (S/o. (Late) പാത്തു.പി, പാർട്ട് ടൈം സ്വീപ്പർ, പി.എസ്.എം.എസ്.റ്റി മെമ്മോറിയൽ ഗവ. ജനറൽ ആശുപത്രി, മഞ്ചേരി)-യ്ക്ക് ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.47/2025/H&FWD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. സ.ഉ.(പി) നം. 45/1991/ഉഭപവ തീയതി 30/12/1991.
2. സ.ഉ.(പി) നം. 12/1999/ഉഭപവ തീയതി 24/05/1999.
3. ശ്രീ. ഷാജിമോൻ എം.ടി സമർപ്പിച്ച 28/02/2023 തീയതിയിലെ അപേക്ഷ.
4. സ.ഉ.(പി) നം. 12/2023/ഉഭപവ തീയതി 14/07/2023.
5. മലപ്പുറം ജില്ലാ കളക്ടറുടെ 07/3/2024 തീയതിയിലെ ഡിസിഎംപിഎം/8939/2023-എ2 നമ്പർ കത്ത്.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06/07/2024, 16/12/2024 തീയതികളിലെ ഡിഎച്ച്എസ്/9384/2024-ഇഎച്ച്4 നമ്പർ കത്തുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ മഞ്ചേരി പി.എസ്.എം.എസ്.റ്റി മെമ്മോറിയൽ ഗവ. ജനറൽ ആശുപത്രിയിൽ പാർട്ട് ടൈം സ്വീപ്പർ ആയി സേവനത്തിലിരിക്കെ 03/11/2021-ന് മരണമടഞ്ഞ പാത്തു.പി-യുടെ മകൻ ശ്രീ. ഷാജിമോൻ എം.ടി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആരോഗ്യ/പൊതുമരാമത്ത്/കൃഷി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ശിപാർശ സഹിതം പരാമർശം (6) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2) അപേക്ഷകന് 42 വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും (ജനന തീയതി- 20/05/1981) ടിയാൻ 8-ാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ടെന്നും അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 60,000/- (അറുപതിനായിരം രൂപ മാത്രം) രൂപയാണെന്നും കൂടാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷകന് നിയമനം നൽകുന്നതിന് പരേതയായ സർക്കാർ ഉദ്യോഗസ്ഥയുടെ ആശ്രിതരെല്ലാം സമ്മതം അറിയിച്ചിട്ടുണ്ടെന്നും പരേതയുടെ ആശ്രിതർക്ക് ആർക്കുംതന്നെ ഈ പദ്ധതിയിൻകീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നതിനാൽ ശ്രീ.ഷാജിമോൻ എം.ടി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. ആശ്രിത നിയമനത്തിനായി ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ മലപ്പുറം ജില്ലയിൽ നിലവിൽ ഒരു ഒഴിവ് ഉണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ, മലപ്പുറം ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. ഷാജിമോൻ എം.ടി. (S/o. (Late) പാത്തു.പി, പാർട്ട് ടൈം സ്വീപ്പർ, പി.എസ്.എം.എസ്.റ്റി മെമ്മോറിയൽ ഗവ. ജനറൽ ആശുപത്രി, മഞ്ചേരി), മണ്ണിൽ തൊടിക ഹൗസ്, പുളിയാറ്റക്കുന്ന്, കാരക്കുന്ന്-34 (പി.ഒ), മഞ്ചേരി എന്നയാൾക്ക് പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള മലപ്പുറം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകേണ്ടതാണ്. അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള ജില്ലയിൽ നിയമനം നൽകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ അപേക്ഷകൻ ആവശ്യപ്പെട്ട ജില്ലയിൽ എത്രയും വേഗം സ്ഥലംമാറ്റം അനുവദിക്കേണ്ടതാണ്.

4) സാധുവായ അപേക്ഷാ തീയതിയെ അടിസ്ഥാനമാക്കി നിയമനത്തിനായുള്ള അപേക്ഷകന്റെ സീനിയോറിറ്റി കണക്കാക്കേണ്ടതാണ്. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിച്ചതിനു ശേഷം ശ്രീ. ഷാജിമോൻ എം.ടി-യ്ക്ക് ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

പരേതയായ സർക്കാർ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും ജീവനക്കാരി അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധിച്ച രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5) അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. അപേക്ഷകൻ സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

6) സേവന പുസ്തകത്തിൽ ജനന തീയതിയിൽ തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം നിയമന ഉത്തരവിൽ കർശനമായും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജിമോൻ എം.ടി, മണ്ണിൽ തൊടിക ഹൗസ്, കാരക്കുന്ന് - 34(പി.ഒ), പുളിയാറ്റക്കുന്ന്, മഞ്ചേരി - 676 123.

ജില്ലാ കളക്ടർ, മലപ്പുറം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം.

സൂപ്രണ്ട്, പി.എസ്.എം.എസ്.റ്റി മെമ്മോറിയൽ ഗവ. ജനറൽ ആശുപത്രി, മഞ്ചേരി, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം /ഓഫീസ് കോപ്പി (F2/241/2024-HEALTH ഫയലിലേയ്ക്ക് )

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 04-02-2025 15:27:55